സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## <u>സംഗ്രഹം</u>

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ശമ്പളപരിഷ്ക്കാര കുടിശ്ശിക തുക - പലിശ നിരക്ക് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 4576/14/ Est-1** നന്തൻകോട്, 29/03/2018

---

പരാമർശം :- 1) 01.07.2016 ലെ ആർ.ഒ.സി. 515/2016/എസ്റ്റാ-1 നമ്പർ ഉത്തരവ്.
2) 30.06.2017, 25.01.2018 എന്നീ തീയതികളിലെ മേൽ നമ്പർ ഉത്തരവുകൾ.
3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 24.03.2018, 27.03.2018 തീയതികളിലെ ഡി.എ.3727/18/ഇ-3 നമ്പർ റിപ്പോർട്ടുകൾ.
4) 26.03.2018 ലെ ജി.ഒ.പി. 50/2018/ഫിൻ നമ്പർ ഉത്തരവ്.

## <u>ഉത്തരവ്</u>

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് 07/2014 മുതൽ പ്രാബല്യത്തിൽ അനുവദിച്ച ശമ്പളപരിഷ്ക്കാരത്തിന്റെ 01-07-2014 മുതൽ 31-01-2016 വരെയുള്ള കാലയളവിലെ കുടിശ്ശിക തുക 4 ഗഡുക്കളായി 01-04-2017, 01-10-2017, 01-04-2018, 01-10-2018 തീയതികളിൽ നൽകുന്നതിനും പ്രസ്തുത കുടിശ്ശിക തുകകൾ അതത് തീയതികളിൽ പ്രോവിഡന്റ് ഫണ്ടിന് അനുവാദമുള്ള നിരക്കിലുള്ള പലിശയും ചേർത്ത് നൽകുന്നതിനും ഉത്തരവായി. (പരാമർശം 1)

പ്രോവിഡന്റ് ഫണ്ടിന്റെ പലിശ നിരക്ക് 01-01-2016 മുതൽ 8 % ആയും 25-01-2018 ലെ മേൽ നമ്പർ ബോർഡുത്തരവ് പ്രകാരം 10/2017 മുതൽ 7.8 % ആയും കുറവ് വരുത്തിയിട്ടുള്ളതാണ്. (പരാമർശം 2)

എന്നാൽ ശമ്പള പരിഷ്കാര കുടിശ്ശികയുടെ മൂന്നാം ഗഡുവിന്റെ പലിശ നിരക്ക് 7.6% ആയി നിശ്ചയിച്ച് കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. (പരാമർശം 4)

ടി വിഷയം സംബന്ധിച്ചുള്ള ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ടുകൾ ലഭിച്ചു. (പരാമർശം 3)

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിന് 01-01-2018 മുതൽ 31-03-2018 വരെയുള്ള പലിശനിരക്ക് 7.6% മായി നിശ്ചയിച്ചും 01.04.2018 ൽ നൽകേണ്ട പത്താം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ മൂന്നാം ഗഡുവിന് 7.6% പലിശ നിരക്ക് നിശ്ചയിച്ചും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

**സെക്രട്ടറി**

(മറുപുറം)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ഓഫീസ് മേധാവികൾക്കും - നടപടിയ്ക്കായി
2. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. അക്കൗണ്ട്സ് സെക്ഷൻ ബോർഡാഫീസ്
4. ഇ.ഡി.പി. സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി